

# കാരക്കുളിയൻ

**അംബികാസുതൻ മാങ്ങാട്**

കാരക്കുളിയനിലെ പന്ത്രണ്ട് കഥകളിലൂടെ കടന്നുപോയപ്പോൾ കുറ്റബോധത്തിന്റെ വേരുകൾ പല നിലയിൽ പ്രവർത്തിക്കുന്നതായി അനുഭവപ്പെട്ടു. കുറ്റബോധത്തിന്റെ മേലേരിയിൽ വേവാൻ വിധിക്കപ്പെട്ട, പാപബോധത്തിന്റെ കാരമുള്ളിൽ നോവാൻ ഒരുക്കപ്പെട്ട മനസ്സുകളുടെ നീണ്ട നിലവിളി പല ഒച്ചകളിൽ നാം കേൾക്കുന്നു. സത്യം പാലിക്കാനാവാത്ത, ധർമ്മം ആചരിക്കാനാവാത്ത, നല്ലത് ചെയ്യാൻ കഴിയാത്ത മാരകമായ മൂല്യസംഘർഷങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന കുറ്റബോധം കഥകളുടെ പ്രമേയത്തെ നിർണ്ണായകമായി സ്വാധീനിച്ചുകൊണ്ട് നില്ക്കുന്നു. ആത്മബോധത്തെയും ആത്മബലത്തെയും മാത്രമല്ല ആരോഗ്യത്തെയും നശിപ്പിച്ച്, കനവില്ലാത്തവരും നിലപാടില്ലാത്തവരുമാക്കി മാറ്റുന്ന ചെയ്തികൾ വ്യക്തികളെയും സമൂഹത്തെയും പ്രതിസന്ധിയിലാക്കുന്ന വിപര്യയും കഥകളിൽ നിലീനമായിക്കിടക്കുന്നു. ആത്മനാശം എന്ന യാഥാർത്ഥ്യം ഈ പ്രതിസന്ധികളുടെ കാരണമായും ഫലമായും നില്ക്കുകയും ചെയ്യുന്നു.

- സോമൻ കടലൂർ

കവർ ഡിസൈൻ: ശ്യാം ഷാജി / ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്
www.dcbooks.com

ISBN 978-93-5643-574-2
9 789356 435742
00002

കഥ
E-book available
₹ 170

അംബികാസുതൻ മാങ്ങാട് • കാരക്കുളിയൻ
ഡിസി ബുക്സ്

# കാരക്കുളിയൻ



2-ാം പതിപ്പ്

## അംബികാസുതൻ മാങ്ങാട്

DCB

LIBRARY
2426

LIBRARY
2426

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2426 Call No. ..........................

This book should be returned on or before the date last given below.

## അംബികാസുതൻ മാങ്ങാട്

കാസർകോട് ജില്ലയിലെ ബാരഗ്രാമത്തിൽ ജനനം. റാങ്കുകളോടെ എം.എ., എം.ഫിൽ ബിരുദങ്ങൾ. 'കഥയിലെ കാലസങ്കല്പം' എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. കാരൂർ, ഇടശ്ശേരി, അങ്കണം, ചെറുകാട്, അബുദാബി ശക്തി, മലയാറ്റൂർ പ്രൈസ്, വി.ടി. ഭട്ടതിരിപ്പാട്, എസ്.ബി.ടി., കോവിലൻ, വി.പി. ശിവകുമാർ കേളി അവാർഡ് തുടങ്ങി ഇരുപത്തേഴു പുരസ്കാരങ്ങൾ. *കൊമേർഷ്യൽ ബ്രെയ്ക്കിന്* മികച്ച ചെറുകഥയ്ക്കുള്ള കേരള സർക്കാരിന്റെ ടെലിവിഷൻ അവാർഡ് 2002-ൽ ലഭിച്ചു. *ജീവിതത്തിന്റെ ഉപമയുടെയും* (ആദ്യ കാമ്പസ് നോവൽ) *പൊഞ്ഞാറി*ന്റെയും (ആദ്യ നാട്ടുഭാഷാനിഘണ്ടു) എഡിറ്റർ. നാല് നിരൂപണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. *മരക്കാപ്പിലെ തെയ്യങ്ങൾ* ആദ്യ നോവൽ. *എൻമകജെ* കന്നടയിലും തമിഴിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു. കഥകൾ വിവിധ ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും വിവർത്തനം ചെയ്തിട്ടുണ്ട്. കാഞ്ഞങ്ങാട് നെഹ്റു കോളജിൽ മലയാളവിഭാഗം അദ്ധ്യക്ഷനായി സർവ്വീസിൽനിന്നും വിരമിച്ചു.

### അംബികാസുതൻ മാങ്ങാടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കഥ*
വാലില്ലാത്ത കിണ്ടി, ഒതേനന്റെ വാൾ, രാത്രി, നീരാളിയൻ, തിരഞ്ഞെടുത്ത കഥകൾ, എന്റെ പ്രിയപ്പെട്ട കഥകൾ, രണ്ടു മത്സ്യങ്ങൾ, കാടിനുള്ളിൽ രഹസ്യമായി ഒഴുകുന്ന നദികൾ, മൊട്ടാമ്പുളി, പ്രാണവായു, കാരക്കുളിയൻ

*നോവൽ*
മാക്കം എന്ന പെൺതെയ്യം, മരക്കാപ്പിലെ തെയ്യങ്ങൾ, എൻമകജെ, രണ്ട് മുദ്ര (നോവലെറ്റ്)

*നിരൂപണം*
സി.പി. അച്യുതമേനോനും മലയാള വിമർശനവും

*ഓർമ്മ*
ആഖ്യാനവും ചില സ്ത്രീകളും, എൻഡോസൾഫാൻ: നിലവിളികൾ അവസാനിക്കുന്നില്ല.

*യാത്ര*
യോക്കൊസോ: ജപ്പാൻ വിശേഷങ്ങൾ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച അംബികാസുതൻ മാങ്ങാടിന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

അംബികാസുതൻ മാങ്ങാട്

# കാരക്കുളിയൻ

ഡി സി ബുക്സ്

MALAYALAM LANGUAGE
Kārakkuliyan

SHORT STORY
by Ambikasuthan Mangad

Rights Reserved
First Published December 2022
This edition April 2023

PUBLISHERS
D C Books
Kottayam 686 001
Kerala State, India
Literature News Portal: www. dcbooks.com
Online Bookstore: www. dcbookstore.com
e-bookstore: ebooks. dcbooks. com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ambikasuthan Mangad.
Karakkuliyan/ Ambikasuthan Mangad.
128p., 21cm.
ISBN 978-93-5643-574-2
1. Malayalam story. I. Title.
894.812 301-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5643-574-2

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

134/23-24-Sl. No. 24617-dcb 8283-(2)-1000-4036-04-23-hn 60-p as-d jo

ഓർമ്മകളിൽ ജീവിക്കുന്ന
അമ്മയ്ക്കും
അച്ഛനും...

# ആമുഖം

കുടജാദ്രിയുടെ താഴ്‌വാരത്തിലുള്ള പുരാതനമായ കൊല്ലൂർ മൂകാംബികാക്ഷേത്രത്തിലെത്തിയ സ്ത്രീയും പുരുഷനും രാത്രിയുടെ അവസാനയാമത്തിൽ ഉഡുപ്പറുടെ മഠത്തിൽനിന്നും കൈക്കുഞ്ഞുമായി സൗപർണികാനദി ലക്ഷ്യമാക്കി ഇറങ്ങിനടന്നു...

നല്ല ഇരുട്ടാണ് ചുറ്റിലും...

പണ്ടാണ് സംഭവം. ഏതാണ്ട് പത്തറുപത് വർഷങ്ങൾക്ക് മുമ്പ്...

പുലരാറായെന്ന് തെറ്റിദ്ധരിച്ച് കുളിക്കാനിറങ്ങിയതാണ്. നടന്ന് നടന്ന് ഇരുട്ടിൽ വഴിതെറ്റി. അന്നാണെങ്കിൽ കൊടുംകാടാണ് ചുറ്റിലും. ഊടുവഴികളിലൂടെ, കാട്ടുപൊന്തകൾക്കിടയിലൂടെ സഞ്ചരിച്ചെത്തിയത് താടിയും മുടിയും വളർത്തിയ ഒരു സന്ന്യാസിയുടെ തപസ്സിന് മുന്നിൽ. അയാൾ കോപിഷ്ഠനായി. സൗപർണികയിൽ മുങ്ങിക്കുളിച്ച്, സരസ്വതീമണ്ഡപത്തിലെത്തി കുഞ്ഞിന്റെ കാതിൽ പേര് വിളിക്കാൻവന്നതാണെന്നറിഞ്ഞതോടെ സന്ന്യാസി അല്പം തണുത്തു. പിന്നെ കുഞ്ഞിനെ കൺപാർത്ത് കുതൂഹലത്തോടെ ചോദിച്ചു:

"എന്ത് പേര്?"

വിജയദശമി ദിവസം, തിരുവോണം നാളിൽ പിറന്ന കുട്ടിയാണ്. മനസ്സിൽ സൂക്ഷിച്ച പേര് പുരുഷൻ പറഞ്ഞപ്പോൾ ഒരു നിമിഷം മൗനം അവലംബിച്ചശേഷം സന്ന്യാസി ഉരിയാടി:

"ആ പേര് വേണ്ട. ഞാനൊരു പേര് പറയാം. അംബികാസുതൻ എന്ന് വിളിച്ചോളൂ. വാഗ്ദേവതയായ മൂകാംബികയുടെ മകൻ എന്നർത്ഥം. വിജയദശമി ദിവസം പിറന്ന കുഞ്ഞല്ലേ."

കുഞ്ഞിന്റെ നെറുകയിൽ തൊട്ട് സന്ന്യാസി അനുഗ്രഹിച്ചു. സൗപർണികയിലേക്കുള്ള നേർവഴി കാട്ടിക്കൊടുത്തു.

ആ കൈക്കുഞ്ഞിന് ഇന്ന് വയസ്സ് അറുപതായി.

കർക്കിടകത്തിൽ അച്ഛൻ രാമായണം കിളിപ്പാട്ടും ചിങ്ങത്തിൽ അമ്മ കൃഷ്ണപ്പാട്ടും ഈണത്തിലുറക്കെ ചൊല്ലുന്നതു കേട്ടാണ് ആ കുട്ടി വളർന്നത്. ആറാം ക്ലാസ്സിലെത്തിയപ്പോൾ വാഗ്ദേവതയുടെ കാരുണ്യകടാക്ഷത്തിൽ ആദ്യകഥയെഴുതി. 'ജീവിത പ്രശ്നങ്ങൾ' എന്നായിരുന്നു ആ കുഞ്ഞുകഥയുടെ പേര്. സ്കൂളിലെ കയ്യെഴുത്ത് മാസികയായ 'സാഹിത്യ കുസുമങ്ങളി'ലായി

രുന്നു കഥയുടെ പിറവി. പക്ഷേ, എന്റെ ഓർമ്മയിൽ ആ കഥയു
ണ്ടായിരുന്നില്ല. മുപ്പതുകൊല്ലത്തിനുശേഷം സ്കൂളിന്റെ ഗ്രൗണ്ടിൽ
കൂട്ടിയിട്ട കടലാസ്കൂമ്പാരത്തിൽനിന്നും കത്തിക്കുന്നതിന് തൊട്ടു
മുമ്പ് ഒരു പെൺകുട്ടി പഴകിയ കയ്യെഴുത്ത് മാസിക വലിച്ചെടുത്ത്,
വെറുതെ മറിച്ചുനോക്കിയപ്പോൾ എന്റെ പേര് കണ്ടു. എന്റെ
കഥകൾ മാഷ് ക്ലാസിൽ വായിച്ചുകൊടുത്തതിനാൽ അവൾ ആ
പേജിൽ നിശ്ചലയായി. (ഡി സി ബുക്സ് പ്രസിദ്ധീകരിച്ച 'ആഖ്യാ
നവും ചില സ്ത്രീകളും' എന്ന ഓർമ്മപ്പുസ്തകത്തിൽ ഇതേക്കുറിച്ച്
വിശദമായി എഴുതിയിട്ടുണ്ട്.) അന്ന് കത്തിപ്പോകുമായിരുന്ന
എന്റെ കഥാജാതകം തിരിച്ചുകിട്ടിയതിന് കാരണം കാടിനകത്തു
പിറന്ന ആ അപൂർവ്വപേരാണ്. അപ്രതീക്ഷിതമായി തിരിച്ചുകിട്ടിയ
ആ കഥ ഞാനിന്നും ഒരു നിധിപോലെ സൂക്ഷിക്കുന്നുണ്ട്.

ആറാം ക്ലാസ്സിൽ തുടങ്ങിയ കഥയെഴുത്ത് ഈ അറുപതാം
വയസ്സിലും തുടരാനാവുന്നത് ഭാഗ്യമെന്നേ കരുതുന്നുള്ളൂ.
91-ലാണ് എന്റെ ആദ്യ കഥാസമാഹാരം 'സാധാരണ വേഷങ്ങൾ'
പ്രകാശിതമാകുന്നത്. 'കാരക്കുളിയൻ' എന്ന ഈ പുതിയ ഗ്രന്ഥം
എന്റെ ഇരുപത്തിയഞ്ചാമത്തെ ചെറുകഥാസമാഹാരമാണ്.
അറുപതാമത്തെ പുസ്തകവും. രസകരമായ വസ്തുത, ആറാം
ക്ലാസിലെഴുതിയ 'ജീവിത പ്രശ്നങ്ങൾ' എന്ന അതേ കഥയാണ്
ഞാനിപ്പോഴും എഴുതിക്കൊണ്ടിരിക്കുന്നത്. 'കാരക്കുളിയനി'ലെ
കഥകളും പൊള്ളുന്ന ജീവിതപ്രശ്നങ്ങൾ തന്നെയാണല്ലോ.

കാരക്കുളിയൻ ഞങ്ങളുടെ കാസർകോട്ട് ദേശത്തിലെ ഒരു
തെയ്യത്തിന്റെ പേരാണ്. മലയാളത്തിൽ തെയ്യംകഥകൾ കൂടുത
ലെഴുതിയത് ഞാനാണ്. 'വേട്ടച്ചേകോൻ എന്ന തെയ്യം', 'പൊട്ടി
യമ്മത്തെയ്യം' എന്നിവ എന്റെ തെയ്യം കഥകൾ മാത്രമുള്ള സമാഹാ
രങ്ങളാണ്. (മലയാളത്തിലെ 18 എഴുത്തുകാരുടെ തെയ്യം കഥകൾ
സമാഹരിച്ച് 'മലയാളത്തിലെ തെയ്യം കഥകൾ' എന്ന പുസ്തകവും
പ്രസിദ്ധീകരിച്ചിട്ടുണ്ട്.) എന്റെ അമ്മയുടെയും അച്ഛന്റെയും തറവാ
ടുകളിൽ കുറേ തെയ്യങ്ങളുണ്ട്. കുട്ടിക്കാലം മുതലേ ഈ തെയ്യങ്ങൾ
കണ്ടുവളർന്നവരാണ് ഞങ്ങൾ. അതുകൊണ്ടാണ് എന്റെ കഥക
ളിൽ ധാരാളമായി തെയ്യങ്ങൾ ഉറഞ്ഞാടുന്നത്.

ഈ സമാഹാരത്തിലെ 'പനിയനും' 'കാരക്കുളിയനും' അച്ഛന്റെ
തറവാട്ടിലെ തെയ്യങ്ങളാണെങ്കിൽ 'ഉമ്മട്ടക്കുളിയൻ' അമ്മയുടെ
തറവാട്ടിലെ തെയ്യമാണ്. കുട്ടിക്കാലത്തൊരിക്കൽ ഉമ്മട്ടക്കുളിയൻ
തെയ്യം എന്നെ ഒളിപ്പിച്ച് കാണാതാക്കിയത്രെ! അതിന്റെ പേരിൽ
അമ്മമ്മ കിണറ്റിൽ ചാടി ജീവനൊടുക്കാൻ ഒരുങ്ങി. (അനുബ
ന്ധലേഖനത്തിൽ ഈ സംഭവമുണ്ട്) ഈ സംഗതിയാണ് ആദ്യം
മനസ്സിൽ തെളിഞ്ഞത്. പക്ഷേ, എഴുതിത്തുടങ്ങിയപ്പോൾ കഥ

മറ്റൊരു വിധമായി. ഈ സംഭവമേ കടന്നുവന്നില്ല. കുറ്റബോധത്തിന്റെയും പരിസ്ഥിതിവിനാശത്തിന്റെയും കഥയായി മാറി. എന്റെ അമ്മയുടെ തറവാടിന്റെ പശ്ചാത്തലത്തിൽ രചിച്ച 'ഉമ്മട്ടക്കുളിയൻ' കഴിഞ്ഞവർഷത്തെ മാതൃഭൂമി ഓണപ്പതിപ്പിലാണ് പ്രസിദ്ധീകരിച്ചത്. കൃത്യം ഒരു വർഷം കഴിഞ്ഞപ്പോൾ, 2022 ആഗസ്റ്റ് 11ന്, പ്രസ്തുത തറവാടിന്റെ വാട്സാപ്പ് ഗ്രൂപ്പിൽ വന്ന ഒരു മെസേജ് കണ്ട് ഞാൻ നടുങ്ങി.

അതിങ്ങനെയായിരുന്നു:

"ബഹുമാന്യരേ,

നമ്മുടെ തറവാട്ടിൽ നിറപുത്തരി മഹോത്സവം ചിങ്ങമാസത്തിൽ നടത്തേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം നെൽകതിർ കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. ആരുടെയെങ്കിലും അറിവിൽ നെൽകതിർ എവിടെയെങ്കിലും ഉണ്ടെങ്കിൽ ദയവായി കമ്മിറ്റി ഭാരവാഹികളെ അറിയിക്കണം."

തറവാട്ടിന് മുന്നിൽ മാസമുറതെറ്റി, സ്വർണമരംപോലെ കാലം തെറ്റി പൂത്ത കൊന്നയും അതിവൃഷ്ടിയും അനാവൃഷ്ടിയുംകൊണ്ട് കൃഷിനശിച്ചതുമെല്ലാം കഥയിലെ ഭാവനമാത്രമായിരുന്നു! എന്നാൽ പാരിസ്ഥിതിക ദുരന്തങ്ങൾ ഒന്നൊന്നായി നമ്മെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. 'കാലാവസ്ഥാ വ്യതിയാനം' എന്ന വാക്ക് പരിസ്ഥിതി ബുദ്ധിജീവികളുടേതു മാത്രമല്ലാതെ സാധാരണ മനുഷ്യരുടെ നിത്യജീവിതാനുഭവ സത്യമായി മാറുകയാണ്. നിറപുത്തരിയെന്ന അനുഷ്ഠാനത്തിനുപോലും കതിരുകിട്ടാത്ത കഠിന കാലമാണ് മുന്നിൽ!

തെയ്യം കഥകൾപോലെ പരിസ്ഥിതികഥകളും എന്റെ സമാഹാരങ്ങളിൽ എപ്പോഴുമുണ്ട്. സിൽവർലൈൻ എന്ന അതിവേഗ തീവണ്ടിപ്പാത രണ്ടു കഥകളിൽ ശക്തമായി വിമർശിക്കപ്പെടുന്നുണ്ട്. 'കുഞ്ഞിരാമനും' 'സഹ്യന്റെ മക്കളും' 'പൂത്താങ്കീരിയുടെ മുട്ടകളും' 'ഉമ്മട്ടക്കുളിയനു'മൊക്കെ പരിസ്ഥിതികഥകൾതന്നെ. മഹാകവി പി. കുഞ്ഞിരാമൻനായരുടെ ജീവിതത്തിലെ ഒരു നിമിഷമാണ് 'കുഞ്ഞിരാമൻ'. മഹാകവിയായ തിരുവോണം നാളുകാരനെ മറ്റൊരു തിരുവോണം നാളുകാരൻ എഴുതാൻ ശ്രമിച്ചതാണ്. 'ചരിത്രം നിരസിച്ചവ,' 'കാഞ്ഞങ്ങാട്ടെ വൃക്ഷങ്ങൾ', 'മഴവില്ലും ചൂരൽവടിയും' എന്നീ കഥകളിലും മുമ്പ് കുഞ്ഞിരാമൻ നായർ കടന്നുവന്നിട്ടുണ്ട്. മൂന്നു ദശകം മുമ്പാണ് മാതൃഭൂമിയിൽ 'ഇന്ദുലേഖ- രണ്ടാം ദിവസം' എഴുതിയത്. ആ പുനരെഴുത്ത് മാതൃകയിൽ, ഏറ്റവും പ്രിയപ്പെട്ട കഥാകാരൻ ടി പത്മനാഭന്റെ 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന പ്രശസ്തകഥയുടെ രണ്ടാം ദിവസവും ഈ സമാഹാരത്തിലുണ്ട്.

ഒരു കാര്യം ആവർത്തിച്ചുപറയട്ടെ. കഥയെഴുത്ത് എനിക്ക് ഒരു സമരപ്രവർത്തനമാണ്. എഴുത്തുകാരന് സമൂഹത്തോട് വലിയ കടപ്പാടും ഉത്തരവാദിത്വവുമുണ്ട് എന്ന വിശ്വാസത്തിലാണ് ഞാനിപ്പോഴും പുലരുന്നത്. ആ ബോധ്യം ഒട്ടും വീര്യം കുറയാതെ ഈ പുസ്തകത്തിലും കാണാം.

പ്രൗഢമായ പഠനം എഴുതിയത് എന്റെ ആത്മസുഹൃത്തും പ്രശസ്ത എഴുത്തുകാരനുമായ ഡോ. സോമൻ കടലൂരാണ്. സോമന് നന്ദി. എന്റെ പ്രധാനപ്പെട്ട മിക്കവാറും പുസ്തകങ്ങളും പ്രസിദ്ധീകരിച്ച ഡി സി ബുക്സാണ് 'കാരക്കുളിയനും' പ്രസിദ്ധീകരിക്കുന്നത്. പ്രിയപ്പെട്ട രവി ഡി സിക്കും എ.വി. ശ്രീകുമാറിനും നന്ദി. ഞാനേറ്റവും കടപ്പെട്ടിരിക്കുന്നത് എന്റെ പുസ്തകങ്ങൾ എന്നും നെഞ്ചോടു ചേർത്തിട്ടുള്ള പ്രിയ വായനക്കാരോടാണ്. ഈ പുസ്തകം കയ്യിലെടുക്കുന്ന എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും.

അംബികാസുതൻ മാങ്ങാട്

## ഉള്ളടക്കം


കാരക്കുളിയൻ .......... 13
സഹ്യന്റെ മക്കൾ .......... 29
പനിയൻ .......... 36
കുഞ്ഞിരാമൻ .......... 48
പൊന്നമ്പിളി .......... 55
അതിവേഗപ്പാത .......... 67
ഉടുപ്പ് .......... 68
പൂത്താങ്കീരിയുടെ മുട്ടകൾ .......... 73
വീണ്ടും പ്രകാശം പരത്തുന്ന പെൺകുട്ടി .......... 75
ട്രിപ്പിൾ ത്രീയിലവസാനിക്കുന്ന നമ്പർ .......... 81
നീലിയും പ്രസൂതിയും .......... 87
ഉമ്മട്ടക്കുളിയൻ .......... 94

*അനുബന്ധം*

*കുറ്റബോധത്തിന്റെ രക്തവിന്യാസങ്ങൾ* .......... *107*
ഡോ. സോമൻ കടലൂർ
*ഉമ്മട്ടക്കുളിയനും കാരക്കുളിയനും–ഇരട്ടപെറ്റകഥകൾ* ..122
അംബികാസുതൻ മാങ്ങാട്